പ്പിച്ചു പൂജകരാകുന്നില്ലെങ്കിൽ നടവരവു കുറഞ്ഞ നമ്മുടെ പല ക്ഷേത്രങ്ങളിലും പൂജ മുടങ്ങുകയാവും ഫലം. സംസ്കൃത വിദ്യാഭ്യാസത്തിന്റെയും സ്ഥിതി ഇതുതന്നെ. സൗകര്യം ധാരാളമുണ്ടായിട്ടും സംസ്കൃതം പഠിക്കുന്ന ബ്രാഹ്മണർ എത്രയുണ്ട്. വളരെ കുറച്ചു മാത്രം. ഇംഗ്ലീഷും അറബിയും ജർമനും റഷ്യനും ഒക്കെ പഠിച്ച് കാശു സമ്പാദിക്കാനല്ലാതെ സംസ്കൃതം പഠിച്ച് പുണ്യം നേടാൻ എത്ര ബ്രാഹ്മണക്കുട്ടികൾ സന്നദ്ധരായുണ്ട്?

രണ്ടു വഞ്ചികളിൽ കാൽ വെക്കാനാണ് ബ്രാഹ്മണർ ശ്രമിക്കുന്നതെന്നു തോന്നുന്നു. 'കർമ ടു കോക്ക്ടെയ്ൽ' എന്ന് ഇന്നത്തെ ബ്രാഹ്മണന്റെ ജീവിതചര്യയെ ആരോ വിവരിച്ചിട്ടുണ്ട്. രാവിലെ സന്ധ്യാവന്ദനകർമം. രാത്രിയിൽ ക്ലബ്ബിൽ കൂട്ടുചേർന്ന് വിദേശ മദ്യപാനം. ഇതിനിടയ്ക്കുള്ള സമയത്തിലാകട്ടെ പ്രാചീന-പൗരസ്ത്യരുടെയും ആധുനിക പാശ്ചാത്യരുടെയും പലവിധം നാഗരികതകളെ തൊട്ടും തൊടാതെയും പോകുന്ന പലതരം കൃത്യങ്ങളും. ഇത് ഇത്തിരി പ്രയാസമുള്ള ഒരു അഭ്യാസമാണ്. ഒന്നുകിൽ ബ്രാഹ്മണർ, തൃശ്ശൂരിൽ ഡിസംബർ 26-ാം തീയതി ചേർന്ന അഖില കേരള ബ്രാഹ്മണസഭയുടെ സമ്മേളനത്തിൽ ശ്രീ രംഗനാഥാനന്ദ സ്വാമികൾ ആവശ്യപ്പെട്ടതുപോലെ, അവരുടെ നഷ്ടപ്പെട്ട പൈതൃകം വീണ്ടെടുക്കുന്നതിന് പ്രാധാന്യം നൽകണം. അതനുസരിച്ച് തങ്ങളുടെ ജീവിതരീതി രൂപപ്പെടുത്തുകയും വേണം. അതല്ലെങ്കിൽ ഭൗതികാഭിവൃദ്ധി പരമ ലക്ഷ്യമായി കരുതുകയും, അതു നേടുന്നതിനു കഴിയുമാറ് സ്വന്തം സമുദായത്തെ ആധുനീകരിക്കുകയും വേണം. രണ്ടു ലോകങ്ങളും ഒരേ സമയം ഭദ്രമാക്കാനുള്ള ശ്രമം വിജയിക്കാൻ സാധ്യതയില്ല. ഏതാനും വിദീർണ വ്യക്തിത്വങ്ങളുടെ സൃഷ്ടി മാത്രമായിരിക്കും അതിന്റെഫലം. കർമം വേണമോ, കോക്ക്ടെയിൽ വേണമോ? അത് ബ്രാഹ്മണർ തീരുമാനിക്കട്ടെ.

## 43. ഹിന്ദു നവീകരണം

ഹിന്ദുമതം നശിച്ചുകൊണ്ടിരിക്കുകയാണോ? സനാതനമായ മാനവ മതമാണ് ഹിന്ദുമതം എന്നത്രേ ഹിന്ദുക്കളുടെ വിശ്വാസം. സനാതനമായതുകൊണ്ട് അതിനു നാശം സംഭവിക്കുകയില്ല. മാനവ മതമായതുകൊണ്ട് മനുഷ്യരെല്ലാം ഒരുകാലത്ത് അതിലേക്കു വന്നെത്താതെയുമിരിക്കുകയില്ല. പൊതുവേ മതവിശ്വാസത്തിന് എതിരെ ഏററവും ഉച്ചത്തിലുള്ള വെല്ലുവിളി ഇപ്പോൾ ഉയരുന്നതു ഭൗതിക ശാസ്ത്രങ്ങളിൽ നിന്നാണല്ലോ. ഭൗതിക ശാസ്ത്രങ്ങളുടെ നിഗമനങ്ങളുമായി തികച്ചും പൊരുത്തപ്പെട്ടുപോകുന്നവയാണ് ഹിന്ദുമതത്തിലെ അടിസ്ഥാന തത്ത്വങ്ങളെന്ന് വിവേകാനന്ദ സ്വാമികൾ മുതല്ക്കിങ്ങോട്ടുള്ള ഹിന്ദുമതാചാര്യന്മാരെല്ലാം ഉദ്ഘോഷിച്ചിട്ടുണ്ട്. അതിനാൽ ശാസ്ത്രീയ നാസ്തികതയിൽനിന്നും ഹിന്ദുമതത്തിന് ഒന്നും ഭയപ്പെടാനില്ല.

എന്നിട്ടും ഹിന്ദുമതം നശിച്ചുകൊണ്ടിരിക്കുകയാണെന്ന് പല ഹിന്ദുക്കളും ഭയപ്പെടുന്നുണ്ട്. ഒരർത്ഥത്തിൽ ഇതു വാസ്തവവുമാണ്. ലോകജനസംഖ്യയിൽ ഹിന്ദുക്കളുടെ (ഹിന്ദുക്കൾ എന്നിവിടെ പറയുന്നതു ബൗദ്ധരെയും ജൈനരെയും ഉൾപ്പെടുത്തിയാണ്) അനുപാതം ക്രമേണ കുറഞ്ഞാണു വരുന്നത്. ഇതിനു കാരണം മതപരിവർത്തനമാകുന്നു. ഭാരതീയ മതാചാര്യരിൽ ആരും മതപരിവർത്തനത്തിൽ വിശ്വസിച്ചിരുന്നില്ല. ഹിന്ദുമതത്തിലേക്കു മററു മതക്കാരെ പരിവർത്തനം ചെയ്യുന്നതിന് ഒരു ചടങ്ങും വിധിച്ചിട്ടില്ലെന്നും, ഹിന്ദുമത തത്ത്വങ്ങളിൽ

വിശ്വസിക്കുന്ന ആരെയും ഹിന്ദുവായി കണക്കാക്കണമെന്നും കാഞ്ചി ശങ്കരാചാര്യ സ്വാമികൾ ഈയിടെ പ്രസ്താവിക്കുകയുണ്ടായി. ബൗദ്ധ-ജൈന മതങ്ങളിലെയും സ്ഥിതി ഇതാണ്. ആ മതങ്ങളിലേക്ക് ഗൃഹസ്ഥരെ പരിവർത്തനം ചെയ്യുന്നതിന് ഒരു മതച്ചടങ്ങുമില്ല. സന്യാസികൾ ആകുമ്പോൾ മാത്രമേ ഹിന്ദുമതത്തിലെന്നപോലെ, ബൗദ്ധ-ജൈന മതങ്ങളിലും, പ്രത്യേകച്ചടങ്ങുകൾ ഉള്ളൂ. 'സ്വധർമം' എന്ന സങ്കല്പമാണ് ഇക്കാര്യത്തിൽ ഇന്ത്യയിൽ നിലവിലുണ്ടായിരുന്നത്. ജനനത്തോടെ ഓരോ വ്യക്തിക്കും അവരുടേതായ ചില കർത്തവ്യങ്ങൾ (ധർമങ്ങൾ) വന്നുചേരുന്നു. ആ കർത്തവ്യങ്ങൾ നിറവേററുന്ന മുറയ്ക്ക് അവർക്ക് ഉദ്ഗതി ലഭിക്കുകയും ചെയ്യുന്നു. അന്യധർമം ഭംഗിയായി അനുഷ്ഠിക്കുന്നതിനെക്കാൾ ശ്രേയസ്കരം സ്വധർമത്തെ വികലമായെങ്കിലും അനുഷ്ഠിക്കുകയാണ് എന്നു ഭഗവദ്ഗീത പറയുന്നു. ഹിന്ദുമതതത്ത്വങ്ങളിൽ വിശ്വസിക്കുന്നവർക്കു കൈവരുന്ന അതേ കൈവല്യംതന്നെ ക്രിസ്തുമത തത്ത്വങ്ങളിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികൾക്കും, ഇസ്ലാം മത തത്ത്വങ്ങളിൽ വിശ്വസിക്കുന്ന മുസ്ലീങ്ങൾക്കും കൈവരുമെന്ന് ഹിന്ദുമതം അനുശാസിക്കുന്നു. 'മനുഷ്യർ ഭിന്നരുചികളാണ്'; അതിനാൽ അവർ നേരെയോ വളഞ്ഞോ ഉള്ള പല മതമാർഗങ്ങൾ തേടിപ്പോകുന്നു. പെയ്ത്തുവെള്ളം പല വഴികളിലൂടെ ഒഴുകി ഒരേ സമുദ്രത്തിൽ ചെന്നുചേരുംപോലെ, പല മത മാർഗങ്ങൾ പിന്തുടരുന്ന എല്ലാ മനുഷ്യരും ഒരേ ഈശ്വരനിൽ എത്തിച്ചേരുന്നു എന്ന് ശങ്കരാചാര്യർ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

ഈ വിശ്വാസം നിമിത്തം ഹിന്ദുക്കൾ പൊതുവെ, അന്യരെ സ്വന്തം മതത്തിലേക്കു പരിവർത്തിപ്പിക്കുന്നതിൽ താല്പര്യം പ്രദർശിപ്പിച്ചില്ല. ഇതിനു ചില വ്യത്യസ്തതകൾ സഹസ്രാബ്ദങ്ങളോളം നീണ്ടുനിന്ന ചരിത്രത്തിൽ അങ്ങിങ്ങു കണ്ടേക്കാം. സാമാന്യ നിയമമാണ് ഇവിടെ പറയുന്നത്. പക്ഷേ, പല ജനതകളും പല കാലങ്ങളിലായി ഹിന്ദുമതം (ബൗദ്ധ-ജൈനമതങ്ങളും) സ്വമേധയാ വിശ്വസിക്കുകയുണ്ടായി. സമാധാനപരമായ സാംസ്കാരിക സംക്രമണമായിരുന്നു ഇത്.

ക്രിസ്തുമതത്തിന്റെയും ഇസ്ലാമിന്റെയും സ്ഥിതി ഇതായിരുന്നില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്നതിലൂടെ മാത്രമേ മനുഷ്യനു രക്ഷയുള്ളു എന്നത്, ക്രിസ്തുമതത്തിലെ ഒരടിസ്ഥാന സിദ്ധാന്തമാണ്. ഹസ്രത്ത് മുഹമ്മദ് സാഹിബ് ഈശ്വരന്റെ അവസാന പ്രവാചകനാണെന്നും, അദ്ദേഹത്തിലൂടെ വെളിപ്പെട്ട വിശുദ്ധ ഖുർആൻ മതകാര്യങ്ങളിൽ അവസാനത്തെ വാക്കാണെന്നുമുള്ളത് ഇസ്ലാമിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളിലൊന്നാകുന്നു. മനുഷ്യവർഗത്തിന്റെ മുഴുവൻ രക്ഷ കാംക്ഷിക്കുന്ന ഈ മതങ്ങളുടെ പ്രചാരകർ, അതിനാൽ, മതപരിവർത്തനം തങ്ങളുടെ മുഖ്യ പരിപാടിയായി കരുതി. പരിവർത്തനം പലപ്പോഴും സമാധാനപരമായിരുന്നു. എന്നാൽ, ചിലപ്പോഴെങ്കിലും അതു ബലം പ്രയോഗിച്ചും, പ്രലോഭനങ്ങൾ നല്കിയുമാണ് നടത്തപ്പെട്ടത്. മതത്തിന്റെ അടിസ്ഥാനത്തിൽ നടന്ന യുദ്ധങ്ങൾ ലോകചരിത്രത്തിൽ അറിയപ്പെടാത്തവയല്ലല്ലോ.

മതപരിവർത്തനത്തിൻഫലമായി, ഇൻഡോനേഷ്യ, മലയ മുതലായ രാജ്യങ്ങളിൽനിന്ന് ഹിന്ദുമതം (ബുദ്ധമതവും) ഏറെക്കുറെ അപ്രത്യക്ഷമായി. ഈ രാജ്യങ്ങൾ ഇന്നു മുസ്ലിം ഭൂരിപക്ഷപ്രദേശങ്ങളാണ്. മദ്ധ്യേഷ്യയിലെ സ്ഥിതിയും ഇതുതന്നെ. ഇന്ത്യയിൽ വളരെ വലിയ ഒരു ജനവിഭാഗം മുസ്ലീങ്ങളായി. തങ്ങൾ ഒരു സ്വതന്ത്രരാഷ്ട്രമാണെന്ന് ഇവർ വാദിക്കുകയും, അതിൻഫലമായി 'പാകിസ്ഥാൻ' എന്ന മുസ്ലിം രാഷ്ട്രം ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ രൂപമെടുക്കുകയും ചെയ്തു. അവശിഷ്ട-ഇന്ത്യയിൽത്തന്നെ ഹിന്ദുക്കളുടെ സംഖ്യ ആനുപാതികമായി ക്ഷയിച്ചു

കൊണ്ടിരിക്കുകയാണ്. ബംഗ്ലാദേശത്തിൽനിന്നുള്ള അനധികൃതമായ കുടിയേറിപ്പാർപ്പിന്റെ ഫലമായി ആസ്സാമിൽ ഹിന്ദുക്കൾ ന്യൂനപക്ഷമായിക്കഴിഞ്ഞിരിക്കുന്നു. വടക്കു കിഴക്കിന്ത്യയിൽ പലേടങ്ങളിലും ക്രിസ്ത്യാനികൾ ആയിട്ടുണ്ട് ഭൂരിപക്ഷം. ഇന്ത്യയിലെ മററു പ്രദേശങ്ങളിലും ഇസ്ലാമിലേക്കും ക്രിസ്തുമതത്തിലേയ്ക്കും ഉള്ള പരിവർത്തനം നിർബാധം നടക്കുന്നു. ഹരിജനങ്ങളുടെ ഇടയിലുള്ള അസംതൃപ്തിയിൽനിന്നും മുതലെടുത്ത്, അവരെ കൂട്ടത്തോടെ ഇസ്ലാമിലേക്കു പരിവർത്തനം ചെയ്തതിന്റെ ഉദാഹരണമാണ് 'മീനാക്ഷിപുരം.' ഈ പരിവർത്തനത്തെപ്പററി 1981 ഒക്ടോബർ 11-ലെ 'കുങ്കുമ'ത്തിൽ ഞാൻ എഴുതിയിരുന്നു.

മീനാക്ഷിപുരത്തെ പരിവർത്തനം, എന്തുകൊണ്ടോ, ഇന്ത്യയിലൊട്ടാകെ ചർച്ചാവിഷയമായി. പാർലമെൻറിലും ഈ ചർച്ചയുടെ അലകൾ മാറെറാലിക്കൊണ്ടു. യാഥാസ്ഥിതികരും, പൊതുവെ നിഷ്ക്രിയരുമായിരുന്ന ഹിന്ദുമതാചാര്യന്മാരിൽ പലരും പെട്ടെന്നു ഞെട്ടിയുണർന്നു. ഹരിജനങ്ങൾ, ആദിവാസികൾ മുതലായ അവശവിഭാഗക്കാരോട് ഉയർന്ന ഹിന്ദുക്കൾ നൂററാണ്ടുകളായി തുടർന്നു വരുന്ന പെരുമാററം മാററാതെ തരമില്ലെന്ന ബോധം അവർക്കുണ്ടായി. എന്തെല്ലാം വൈകല്യങ്ങളുണ്ടായിരുന്നാലും, നമ്മുടെ ജനാധിപത്യ വ്യവസ്ഥിതി അവശവിഭാഗക്കാരിൽ പുതിയ ഒരു ബോധം ഉളവാക്കിയിട്ടുണ്ട്. മനുഷ്യോചിതമല്ലാത്ത തങ്ങളുടെ ജീവിതത്തിൽ അവർ അസംതൃപ്തരായിക്കഴിഞ്ഞിരിക്കുന്നു. അവരുടെ പ്രതിഷേധം ഉഗ്രതരമായിക്കൊണ്ടിരിക്കുകയുമാണ്. പൂർണമായ സമത്വം അവർ അവകാശപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഹിന്ദുമതത്തിന്റെ അകത്ത് ഈ സമത്വം അപ്രാപ്യമെങ്കിൽ അവർ മററു മതങ്ങൾ തേടിപ്പോവുകതന്നെ ചെയ്യും. അതിന് അവരെ സഹായിക്കാൻ ധാരാളമാളുകൾ മുന്നോട്ടു വരുന്നുമുണ്ട്. ഹിന്ദുമതത്തെ സംബന്ധിച്ചിടത്തോളം നിർണായകങ്ങളാണ് ഇനിയങ്ങോട്ടുള്ള ഏതാനും വർഷങ്ങൾ, അല്ല, മാസങ്ങൾതന്നെ. ജാതിഭേദത്തിന് ഇന്നോളമുണ്ടായിരുന്ന പ്രസക്തി എന്തായിരുന്നാലും, ഇനിയങ്ങോട്ട് അതിന് ഇന്ത്യയിൽ യാതൊരു സ്ഥാനവുമില്ല. തീണ്ടിക്കുടായ്മയും തൊട്ടുകൂടായ്മയും നിയമവിരുദ്ധമായതുകൊണ്ടു മാത്രം കാര്യമില്ല. പൂർണമായ സമഭാവനയാണ് അവശവിഭാഗക്കാർ ആവശ്യപ്പെടുന്നത്. ഒരുമിച്ചിരുന്ന് ഊണു കഴിച്ചാൽ മാത്രം പോരാ. ജാതിനിരപേക്ഷമായ വിവാഹബന്ധങ്ങൾ സാർവത്രികങ്ങളാകണം. ഹരിജനങ്ങൾ അഗ്രഹാരങ്ങളിലും ബ്രാഹ്മണർ പറയച്ചേരികളിലും പാർത്തു തുടങ്ങണം. ഹിന്ദുജനത യഥാർത്ഥമായും ഒന്നാവണം.

ആയില്ലെങ്കിൽ അന്യമതങ്ങളിലേക്കുള്ള പരിവർത്തനം തുടരും. ഇന്ത്യയിലെ ഇനിയും പല സ്റ്റേററുകളിലും ഹിന്ദുക്കൾ ന്യൂനപക്ഷമാവും. ജനാധിപത്യ വ്യവസ്ഥിതിയിൽ, തലയെണ്ണി വോട്ടെടുപ്പു നടത്തി മന്ത്രിമാരെ നിയമിക്കുകയും നിയമങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സംവിധാനത്തിൽ, ന്യൂനപക്ഷം അതിന്യൂനപക്ഷമാവുകയെന്നതും അസംഭാവ്യമല്ല. അഫ്ഗാനിസ്ഥാനിൽനിന്നും ഇന്തോനേഷ്യയിൽനിന്നും, മലയയിൽനിന്നുമെന്നപോലെ ഇന്ത്യയിൽനിന്നും ഏതാനും ശതാബ്ദങ്ങൾക്കകം, ഹിന്ദുമതം പാടേ അപ്രത്യക്ഷമായിക്കൂടെന്നുമില്ല. ഒടുവിൽ അമേരിക്കയിലെ 'ഹരേ കൃഷ്ണ'ന്മാരുടെയോ 'അതീന്ദ്രിയ ധ്യാനക്കാരുടെയോ' ഒക്കെ ഇടയിൽ, ഒരു 'കമ്പം' ആയി, ഒരു ചരിത്രാവശിഷ്ടമായി, അത് അവശേഷിച്ചുകൂടെന്നുമില്ല.

എന്നാലെന്താണ്? സനാതനമാകയാൽ ഹിന്ദുമതതത്ത്വങ്ങൾക്കു നാശമില്ലല്ലോ. മാനവമതമാകയാൽ, എല്ലാ മനുഷ്യരും അതിലേക്കു വന്നെത്താതിരിക്കുകയുമില്ല. സയൻസിന് ഇണങ്ങിയതാകയാൽ അതി

ന കാര്യമായ വെല്ലുവിളികൾ നേരിടേണ്ടതുമില്ല. പിന്നെ, സ്വന്തം മതങ്ങളിലൂടെ എല്ലാ മനുഷ്യർക്കും ഈശ്വരനെ നേടാമെന്നല്ലേ ഹിന്ദുമതം അനുശാസിക്കുന്നത്? അപ്പോൾ പരിവർത്തനംകൊണ്ട്, സിദ്ധാന്തപരമായി, അപകടമൊന്നും വരാനില്ല.

ഈ നിലപാട്, പക്ഷേ, മിക്കവർക്കും സ്വീകാര്യമല്ല. ആത്യന്തികമായ കൈവല്യത്തേപ്പോലെയോ അതിലേറെയോ, താത്ക്കാലികമായ രാഷ്ട്രീയ– ഭൗതിക –സാമൂഹ്യ– സാമ്പത്തിക സാഹചര്യങ്ങളെയും പരിഗണിക്കണമല്ലോ. അതിനാൽ, ഹിന്ദുസമുദായം കൂടുതൽ ക്ഷയിക്കുന്നത്, പററുമെങ്കിൽ, തടയുകതന്നെ വേണം.

മാത്രമല്ല, തങ്ങൾ മനഃപൂർവം കൈവിടുന്ന പൈതൃകത്തെപ്പററി ഒരു സാമാന്യ ധാരണയെങ്കിലും ഹിന്ദുക്കൾക്കു വേണ്ടതല്ലേ? എന്താണ് ഹിന്ദുമത തത്ത്വങ്ങൾ? ഹിന്ദുമതം വാസ്തവത്തിൽ ഒരു മതം മാത്രമല്ല, ഒരു സമഗ്ര ജീവിതപദ്ധതിയാണ്. ആത്മമുക്തിയെപ്പററി മാത്രമല്ല, ഉത്കൃഷ്ട ജീവിതത്തിന്റെ എല്ലാ വശങ്ങളെപ്പററിയും അതു വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. തത്ത്വചിന്ത മാത്രമല്ല, സാഹിത്യവും കലയും വൈദ്യവും കണക്കും കെട്ടിടനിർമാണവും —അങ്ങനെ അതിലില്ലാത്തത് ഒന്നുമില്ല; 'നമ്മുടെ മഹത്തായ പൗരസ്ത്യ പൈതൃകം എന്നാണു പല പാശ്ചാത്യ ചിന്തകരും അതിനെ വിളിച്ചിട്ടുള്ളത്. ഈ പൈതൃകത്തെപ്പററി മനസ്സിലാക്കാൻ സഹായിക്കുന്നതല്ല ഇന്ത്യയിൽ ഇന്നുള്ള പൊതു വിദ്യാഭ്യാസപദ്ധതി. അതിനാൽ, ഈ പൈതൃകത്തെ വിവരിച്ചുകൊടുക്കുന്ന മറെറാരു പദ്ധതി ഇന്നത്തെ വിദ്യാഭ്യാസപദ്ധതിക്കു പൂരകമായെങ്കിലും ഇവിടെ ആവിഷ്കരിക്കേണ്ടതില്ലേ?

ഇതൊക്കെയാണ് ഹിന്ദു പുനർനവീകരണത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ. ഈയിടെ എറണാകുളത്തു നടന്ന വിശാല ഹിന്ദുസമ്മേളനം ഉന്നയിച്ചതും ഈ പ്രശ്നങ്ങളാണ്. (ഇനിയങ്ങോട്ട് ഉത്തരം കാണേണ്ടതും ഈ പ്രശ്നങ്ങൾക്കു തന്നെ).

ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി ഹിന്ദുക്കൾ സംഘടിച്ചു പ്രവർത്തിക്കുന്നതിൽ തെറെറാന്നുമില്ല. പക്ഷേ, ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, ഏതു സംഘടനയും തിരഞ്ഞെടുപ്പിൽ വോട്ടർമാരെ വ്യാമോഹിപ്പിച്ചു വോട്ടു വാരിക്കൂട്ടുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടുന്നതിനുള്ള സാദ്ധ്യതയുണ്ട്. സംഘടനാലക്ഷ്യങ്ങളെ തികച്ചും പരാജയപ്പെടുത്തുകയാവും ഇതിന്റെ ഫലം. അതുപോലെതന്നെ ഒന്നും രണ്ടും പറഞ്ഞ് കാരിയൂരുന്നതിനാണ് ഇന്നു നാം താല്പര്യം കാണിക്കുന്നത്. ഈ സ്ഥിതിയിൽ, മതത്തിന്റെ അടിസ്ഥാനത്തിലുള്ള സംഘടനാ പ്രവർത്തനങ്ങൾ വളരെ വേഗം മതകലാപങ്ങളായി മാറിയാലും നാം അത്ഭുതപ്പെടേണ്ടതില്ല.

ഈ ചുഴികളും പാറക്കെട്ടിനുമിടയിലൂടെ, ദൃഢമായ ലക്ഷ്യബോധത്തോടെ, മുന്നോട്ടു പോവുന്നതിന്, ഹൈന്ദവരെ സംഘടിപ്പിച്ചു സാംസ്കാരിക പ്രവർത്തനങ്ങൾ നിരന്തരമായും സഫലമായും നടത്തുന്നതിന്, ഹിന്ദു നേതാക്കൾക്കു കഴിവുണ്ടോ എന്നതാണ് കാതലായ ചോദ്യം.

9 ഏപ്രിൽ, 1982.